# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

## സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട്(01/10/2018 - 31/03/2019)




ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : പെരുങ്കടവിള

ഗ്രാമപഞ്ചായത്ത് : ഒറ്റശേഖരമംഗലം

വാർഡ് : കുന്നനാട്

# ആമുഖം

ഇന്ത്യയിലെ ദരിദ്രയായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹദ് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. ഗ്രാമീണ മേഖലയിൽ തൊഴിൽപരമായും സാമ്പത്തികപരമായും ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പു വരുത്തുന്നതാണ് ഈ പദ്ധതി.

മഹാത്മാഗാന്ധി തൊഴിലുറപ്പ് നിയമം 2005 ഓഗസ്റ്റ് 23 ഇന്ത്യൻ പാർലമെന്റ് പാസാക്കി. ഇതുവഴി തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നതിനുള്ള നിയമപരമായ പരിരക്ഷയും ഉറപ്പുവരുത്തി തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പു വരുത്തുന്ന എന്നാണ് പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്ക മായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തീയതി ഈ നിയമവും പദ്ധതിയും നിലവിൽവന്നു. ആദ്യം കേരളത്തിൽനിന്ന് വയനാടും പാലക്കാടും ആണ് 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നത്. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിച്ചു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ എല്ലാ ഗ്രാമീണ ജില്ലകളിലും ഇത് വ്യാപിച്ചു. പരിസ്ഥിതി സംരക്ഷണം എന്ന നിലയിലും ദാരിദ്ര്യ നിർമാർജനത്തിലും നിർണായക വഴിത്തിരിവ് സൃഷ്ടിച്ച ഈ ബൃഹത് പദ്ധതി ആഗോളതലത്തിൽ ഇന്ന് പ്രസിദ്ധി കൈവരിക്കുന്നു.

## തിരുവനന്തപുരം ജില്ല

നമ്മുടെ ജില്ലയെ കുറിച്ച് പറയുകയാണെങ്കിൽ നിത്യഹരിത നഗരം എന്നാണ് മഹാത്മാഗാന്ധി തിരുവനന്തപുരത്തെ. കേരളത്തിലെ ഏറ്റവും ജനസാന്ദ്രത കൂടിയ നഗരമാണ് തിരുവനന്തപുരം. കേന്ദ്രസർക്കാരിനെയും

സംസ്ഥാന സർക്കാരിനെയും പല കാര്യാലയങ്ങളും ലോകത്തിലെ മികച്ച സ്വകാര്യ വ്യവസായ ശൃംഖല കളുടെയും കാര്യാലയങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പൊതുവിവരങ്ങൾ

ജനസംഖ്യ - 7, 43, 691

സാക്ഷരത - 95.10

വിസ്തീർണ്ണം - 141.74kmsq

<u>പെരുങ്കടവിള ബ്ലോക്ക്</u>

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ ആണ് പെരുങ്കടവിള ബ്ളോക്ക് പഞ്ചായത്ത് സ്ഥിതി. വെള്ളറട, കുന്നത്തുകാൽ, കൊല്ലായിൽ പെരിങ്കടവിള, ആര്യങ്കോട്, ഒറ്റശേഖരമംഗലം, കള്ളിക്കാട്, അമ്പൂരി എന്നീ ഗ്രാമപഞ്ചായത്തുകൾ പെരുങ്കടവിള ബ്ലോക്ക് ഉൾപ്പെടുന്നു.

ബ്ലോക്ക് വിവരങ്ങൾ

വിസ്തീർണ്ണം -304.29 ച. ക. മി

ഡിവിഷനുകൾ -14 എണ്ണം

ജനസംഖ്യ -2, 14, 801

പുരുഷന്മാർ -1, 06, 938

സ്ത്രീകൾ -1, 07, 863

# ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത്

തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മലനാടൻ ഗ്രാമപ്രദേശമാണ് ഒറ്റശേഖരമംഗലം. ശേഖരമംഗലം ഗ്രാമ പഞ്ചായത്ത് പ്രദേശം

പ്രാചീനകാലം മുതൽക്കെ ജനവാസ യോഗ്യമാണ്. ആധുനികതയുടെ നിറച്ചാർത്ത് ഉണ്ടെങ്കിലും ഇന്നും ഗ്രാമഭംഗി വിട്ടുമാറാത്ത പ്രദേശമാണ് ഒറ്റശേഖരമംഗലം. പൂഴനാട് ആർച്ചൽ കോണം, മണക്കാല, പേരെകോണം, കളിവിളാകം, വാഴിച്ചൽ പ്ലാൻപഴിഞ്ഞി, വാളിക്കോട്, ഒറ്റശേഖരമംഗലം, കുരവറ, മണ്ഡപത്തിൻകടവ്, കുന്ന്നാട്, വട്ടപ്പറമ്പ്, കടംപറ എന്നീ വാക്കുകൾ ചേർന്ന് പ്രദേശമാണ് ഒറ്റശേഖരമംഗലം. 1953-ലാണ് ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. മലകളും കുന്നുകളും പാറക്കൂട്ടങ്ങളും താഴ്വാരങ്ങളും വയലുകളും നിറഞ്ഞതാണ് ഇവിടുത്തെ ഭൂപ്രകൃതി. മതപരമായ സഹിഷ്ണുതയും യോജിപ്പും വളരെ മുമ്പ് തന്നെ ഇവിടെ നിലനിന്നിരുന്നു അതിന് അതിനുദാഹരണമാണ് ഇവിടത്തെ ജനങ്ങളുടെ സംസ്കാര സമ്പന്നത.

## പൊതുവിവരങ്ങൾ

വിസ്തീർണ്ണം : 18.14 ച. കീ. മി

ജനസംഖ്യ : 19, 937

പുരുഷന്മാർ :9829

സ്ത്രീകൾ :10108

വാർഡുകൾ :14

സാക്ഷരത :96%

# കുന്നനാട്

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 13ആം വാർഡ് കുട്ടനാട് കാർഷിക പരവും കന്നുകാലിവളർത്തലും മുൻനിരയിൽ നിലകൊള്ളുന്ന വാർഡാണ്. നീർച്ചാലുകളും തോടുകളും കുളങ്ങളും ചതുപ്പുനിലങ്ങളും കൃഷിക്ക് അനുയോജ്യമായ ഭൂപ്രദേശവും ഉൾപ്പെടുന്നതാണ് കുന്നനാട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തോടുകൾ, കുളങ്ങൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, ലൈഫ് ഭവനപദ്ധതി തുടങ്ങിയവ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു

## പൊതുവിവരങ്ങൾ

## അതിരുകൾ

വടക്ക് : പുഴനാട് വാർഡ്

തെക്ക് : വാളിക്കോട് മണക്കാല വാർഡ്( മണക്കാല മണ്ഡപത്തിൻകടവ് റോഡ്)

കിഴക്ക്: മണക്കാല വാർഡ്- പൂഴനാട് മണക്കാല റോഡ്

പടിഞ്ഞാറ് : മണ്ഡപത്തിൻകടവ് വാർഡ് (പൂഴനാട് മണ്ഡപത്തിൻകടവ് റോഡ്)

പ്രധാന നീർച്ചാലുകൾ: 2

പൊതു കുളങ്ങൾ: 2 പാ കോട്ടുകോണം കളിയൽ

കുടുംബശ്രീ യൂണിറ്റുകൾ: 20

പൊതുകിണർ: 2

പുരുഷ സ്വയം സഹകരണ സംഘം: 2

സ്കൂൾ: എൽപിഎസ് കുന്നനാട്

ആശുപത്രി: PHC ഹോസ്പിറ്റലിൽ

# <u>സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം</u>

**<u>ആദ്യഘട്ടം</u>**: പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, വാർഡ് മെമ്പർ, ആർ ജി എസ് സി സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പെരുങ്കടവിള ബ്ലോക്ക് റിസോഴ്സ് പേഴ്സൺ എന്നിവർ ചേർന്ന് വാർഡിൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച.

**<u>രണ്ടാം ഘട്ടം:</u>** 2018 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്തു നടത്തിയ പ്രവർത്തികളുടെ ഫയൽ 7 രജിസ്റ്ററുകൾ എംഐഎസ് എന്നിവ പരിശോധിക്കൽ.

**<u>മൂന്നാം ഘട്ടം</u>**: പരിശോധിച്ച് ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കൽ. ചെയ്ത പ്രവർത്തികളുടെ അളവ് പരിശോധിക്കൽ.

**<u>നാലാംഘട്ടം</u>**: ഗുണഭോക്താക്കളുടെ പ്രവർത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും സജീവ തൊഴിലാളികളെ കണ്ട തൊഴിൽ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**<u>അഞ്ചാം ഘട്ടം</u>**: ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെ യും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയാണെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാം എന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

ഏഴ് രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാർ നിർദേശപ്രകാരം രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്

1 തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

2 ഗ്രാമസഭ രജിസ്റ്റർ

3 തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

4 പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ

5 ആസ്തി രജിസ്റ്റർ

6പരാതി രജിസ്റ്റർ

7 സാധന രജിസ്റ്റർ

1) തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ: തൊഴിലാളികൾ തൊഴിൽ കാർഡിന് അപേക്ഷിക്കുമ്പോൾ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തുന്ന രജിസ്റ്റർ.

2) ഗ്രാമസഭ രജിസ്റ്റർ: ഗ്രാമസഭയിൽ അവതരിപ്പിക്കുന്ന കാര്യങ്ങളും പങ്കെടുത്ത വ്യക്തികളെയും ഗ്രാമസഭാ റിപ്പോർട്ടും. രേഖപ്പെടുത്തുന്ന രജിസ്റ്റർ.

3) തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ: ഒരു തൊഴിലിനുവേണ്ടി അപേക്ഷിച്ച് തീയതിയും ഏത് തൊഴിലാണ് ആവശ്യമെന്നും അതിന്റെ വർക്ക് നമ്പരും തൊഴിൽ എന്നും മുതൽ എത്ര ദിവസം വരെ ആവശ്യപ്പെട്ടതും തൊഴിലാളിയുടെ പേരും തൊഴിൽ കാർഡ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ.

4) പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ: ഏതു പ്രവർത്തി, വർക്ക് കോഡ്, അതിന്റെ ചിലവ് എന്നിവ സംബന്ധിച്ച് രജിസ്റ്റർ.

5) ആസ്തി രജിസ്റ്റർ: ഒരു വർക്ക് എത്ര  സ്ഥലത്താണ്,  എത്ര ഏക്കർ, ആരുടെ പുരയിടം എന്ന് രേഖകൾ.

6)പരാതി രജിസ്റ്റർ: തൊഴിലുറപ്പിനു സംബന്ധിച്ച് ഏതെങ്കിലും പരാതിയുണ്ടെങ്കിൽ അത് രേഖപ്പെടുത്താനുള്ള രജിസ്റ്റർ.

7) സാധന രജിസ്റ്റർ: ഓരോ വർക്കും നടക്കുമ്പോൾ എന്തെങ്കിലും സാധനങ്ങൾ ആവശ്യമാണെങ്കിൽ അത് ഏത് വർക്കിന് ആവശ്യം, എന്ത് മെറ്റീരിയൽ, എത്ര രൂപയാണ് അതിനുവേണ്ടി ചിലവിട്ടത് എന്ന് രേഖപ്പെടുത്തുന്ന രജിസ്റ്റർ.

<u>കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫൈനൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കണം</u>.

1.കവർപേജ്

2.ചെക്ക് ലിസ്റ്റ്

3. ആക്ഷൻ പ്ലാൻ/ ഫീൽഡ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.

4.സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

5.ഭരണാനുമതി യുടെ കോപ്പി

സാങ്കേതിക അനുമതി യുടെ കോപ്പി

6. സാങ്കേതിക അനുമതി യുടെ

7.സാങ്കേതിക പദ്ധതി വിശദാംശങ്ങൾ

8.തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

8.തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10.പൂരിപ്പിച്ച് മാസ്റ്റർ റോളിന്റെ കോപ്പി.

11. മെഷർമെന്റ് ബുക്ക്

12. സാധനങ്ങൾ വാങ്ങുന്നതിന് കൊട്ടേഷൻ ക്ഷണിച്ചതിന് യും കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് മെറ്റീരിയൽ സപ്ലൈ ഓർഡർ കോപ്പി.

13.വേജ് ലിസ്റ്റ്

14.വേതനത്തിന്റെയ്യു സാധനങ്ങൾക്ക് പണമടച്ച്തിന്റെയുംFTO യുടെയും കോപ്പി.

15. മെറ്റീരിയൽ വൗച്ചർന്റെയും ബില്ലുകളുടെയും കോപ്പി.

16. റോയൽറ്റി അടച്ചതിനെ രസീത് കോപ്പി.

17. തൊഴിലിന് മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ.

18. പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി.

19. മാസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്പ്

20. ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോസ്.

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി.

22. സൈറ്റ് ഡയറി.

## മുഖ്യലക്ഷ്യങ്ങൾ

* അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള വരെയും ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയാ യിട്ടുള്ളതുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

* ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുക.

* സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബാംഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

## സവിശേഷതകൾ

* നിയമത്തിന്റെ പിൻബലമുള്ള അവകാശ അധിഷ്ഠിത പദ്ധതി.

* ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാൻ.

* സ്ത്രീകൾക്കും പുരുഷനും തുല്യ വേതനം.

## പരിശോധിച്ചു ഫയലുകൾ

(1)WC/324116 - കൊണ്ടൂർ ബണ്ട് കൊണ്ടൂർ ട്രഞ്ച് മഴക്കുഴി നിർമ്മാണം- എസ്റ്റിമേറ്റ് തുക-4, 00000 ചെലവ്വായ തുക-3, 90758

(2)WC/334715 - കോണ്ടൂർ ബണ്ട് കോൺട്രാക്ട് മഴക്കുഴി നിർമ്മാണം- എസ്റ്റിമേറ്റ് തുക-4, 00000 ചെലവ്വായ തുക-3, 14451

(3)WC/334716 - കൊണ്ടൂർ ബണ്ട് കോണ്ടൂർ ട്രഞ്ച് മഴക്കുഴി നിർമ്മാണം- എസ്റ്റിമേറ്റ് തുക-4, 00000 ചെലവ്വായ തുക-3, 81052

(4)WC/325833 - കോണ്ടൂർ ബണ്ട് കോണ്ടൂർ ട്രേഞ്ച് മഴക്കുഴി നിർമ്മാണം- എസ്റ്റിമേറ്റ് തുക-4, 00000 ചെലവായ തുക-3, 90431

(5)WC/325273 - കോണ്ടൂർ ബണ്ട് കോണ്ടൂർ ട്രഞ്ച് മഴക്കുഴി നിർമ്മാണം എസ്റ്റിമേറ്റ് തുക-4, 00000 ചെലവായ തുക-

## കണ്ടെത്തലുകൾ

ഫയൽപരിശോധനയിൽ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ കണ്ടെത്തുവാൻ സാധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു

1)കവർപേജ്

പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ്. പരിശോധിച്ച ഫയലുകളിൽ എ എം സി പ്രകാരമുള്ള കവർപേജ് കാണാൻ കഴിഞ്ഞു.

2) ചെക്ക് ലിസ്റ്റ്

ഒരു പ്രവർത്തി ഫയലിൽ ക്രമപ്രകാരം എന്തൊക്കെ രേഖകൾ എവിടെ ഏത് പേജു മുതൽ സൂക്ഷിച്ചിരുന്നു എന്നു മനസ്സിലാക്കാനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്.

3) ആക്ഷൻ പ്ലാൻ പകർപ്പ്

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ ആനുവൽ ആക്ഷൻ പ്ലാൻ ഉൾപ്പെട്ടതാണ് തെളിയിക്കുവാ നുള്ള് രേഖയാണ് ആക്ഷൻ പ്ലാൻ പരിശോധിച്ച് എല്ലാ ഫയലുകളിലും ആക്ഷൻപ്ലാൻ ഉൾപ്പെടുത്തിയിരുന്നു.

4) ഭരണാനുമതി

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി. ദ ഇതിൽ പറഞ്ഞിരിക്കുന്ന ഫയലുകളിൽ ഭരണാനുമതി രേഖകൾ സൂക്ഷിച്ചിട്ടില്ല. ഫയലുകളിൽ ഇവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

5) സാങ്കേതികനുമതി

ഒരു പ്രവർത്തിക്കു സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് ഇത്. പരിശോധിച്ച് ഫയലുകളിൽ ഇത് കാണാൻ കഴിഞ്ഞു. സാങ്കേതിക വിദഗ്ധനെ ഒപ്പ്, സീൽ എന്നിവയുടെ കൂടെ നിർബന്ധമായും തീയതിയും സ്ഥലവും രേഖപ്പെടുത്താൻ ശ്രദ്ധിക്കണം.

6) തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച് ഫയലുകൾ തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ഉണ്ടായിരുന്നില്ല. അത് നിർബന്ധമായും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

7) തൊഴിൽ അനുവദിച്ച പകർപ്പ്

തൊഴിൽ അനുവദിച്ച കാര്യം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. പ്രവർത്തി അനുവദിച്ചിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ നൽകുന്ന അനുമതിയാണ് ഇത്. പരിശോധിച്ച് ഫയലുകളിൽ ഇവ കാണാൻ കഴിഞ്ഞില്ല. ഫയലുകളിൽ ഇത് ഉൾപ്പെടു തുക

8) മാസ്റ്റർ റോൾ

തൊഴിലിടങ്ങളിലെ തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താനുള്ള രേഖയാണ് മാസ്റ്റർ റോൾ പരിശോധിച്ച് വർക്ക് ഫയലുകളിൽ മസ്റ്റർ റോളിൽ

കാരണങ്ങളില്ലാതെ അവധിയെടുക്കുന്ന തൊഴിലാളികളെ അടുത്ത തൊഴിൽ ഉൾപ്പെടുത്താതെ ശ്രദ്ധിക്കണം. കൂടാതെ മാസ്റ്റർ റോളിൽ ഷാർപ്പ്നിങ്ങ ചാർജ് രേഖപ്പെടുത്താൻ ശ്രദ്ധിക്കണം. തൊഴിലാളികളുടെ ഒപ്പ് രേഖപ്പെടുത്തേണ്ട കോളങ്ങളിൽ നിർബന്ധമായും ഒപ്പ് രേഖപ്പെടുത്തണം.

9) മെഷർമെന്റ് ബുക്ക്

പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തുന്ന ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക്. ഇതെല്ലാം ഫയലുകളിലും കാണാൻ കഴിഞ്ഞു.

10) സാധന ഘടകം

പരിശോധിച്ച് പ്രവർത്തികൾ മെറ്റീരിയൽ ഉപയോഗിച്ചുള്ള തൊഴിൽ കാണാൻ കഴിഞ്ഞില്ല.

11) വേജ് ലിസ്റ്റ്

കൃത്യസമയത്ത് ഹാജർ സെക്യൂരിറ്റി രേഖപ്പെടുത്തി വേജ് ലിസ്റ്റ് ആക്കുകയും എഫ് ടി ഓ മുഖേനെ വേതനം, തൊഴിൽ തൊഴിൽ ഉറപ്പ് ഉപകരണങ്ങളുടെ വാടക എന്നിവ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ എത്തുന്നതിന് വേണ്ട കാര്യങ്ങൾ കൃത്യതയോടെ ചെയ്യുന്നതായി മനസ്സിലായി. ഇതിന്റെ കോപ്പി ഫയൽ സൂക്ഷിച്ചിട്ടുണ്ട്. ചില ഫയലുകളിൽ വേജ് ലിസ്റ്റ് കാണാൻ കഴിഞ്ഞില്ല നിർബന്ധമായും വേജ് ലിസ്റ്റ് ഉൾപ്പെടുത്തണം.

12) എഫ് ടി ഒ

ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പുകൾ രേഖപ്പെടുത്തുന്ന രേഖ. പണ്ട് റോഡുകൾ തയ്യാറാക്കിയ അന്നു തന്നെയോ പിറ്റേ ദിവസമോ പഞ്ചായത്തിൽ നിന്നും തൊഴിലാളികളുടെ വേതനം ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് എത്താൻ ഇത് സഹായിക്കും. പരിശോധിച്ച് ഫയലുകളിൽ ഒന്നും തന്നെ എഫ് ടീ ഓ ഇല്ലായിരുന്നു.

13) മെറ്റീരിയൽ വൗച്ചർ

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ.

14) റോയൽറ്റി പെയ്മെന്റ് റസീപ്റ്റ്

പരിശോധിച്ച് പ്രവൃത്തികൾ ഒന്നും തന്നെ റോയൽറ്റി കൊടുക്കേണ്ടതില്

15) 3 സ്റ്റേജ് ഫോട്ടോഗ്രാഫ്

പരിശോധിച്ച് ഫയലുകളിലെ പ്രവർത്തികളുടെ 3 ഘട്ടങ്ങളിലെ ഫോട്ടോകൾ കാണാൻ സാധിച്ചില്ല. ഫോട്ടോ ഉൾപ്പെടുത്താത്ത ഫയലുകൾ ഉണ്ടായിരുന്നു. അവൾ ഫോട്ടോ ഉൾപ്പെടുത്തണം.

16) പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്

പരിശോധന നടത്തിയ ഫയലുകളിൽ പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കാണാൻ കഴിഞ്ഞു.

17) മസ്റ്റർ റോൾ മൂവ്മെന്റ് സ്ലീപ്

ഒരു പ്രവർത്തിയുടെ ഓരോഘട്ടത്തിലും മാസ്റ്ററോൾ അനുവദിച്ച തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ രീതിയിൽ നടന്നു എന്ന് മനസ്സിലാക്കാനുള്ളതണിത്. പരിശോധിച്ച് ഫയലുകളിൽ ഇത് കാണാൻ കഴിഞ്ഞില്ല. ഇത് ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

18) പ്രവർത്തിയുടെ ജിയോ ട്രാക്കർ

പ്രവർത്തികൾ ജിയോ ട്രാക്ക് ചെയ്തിട്ടുണ്ടോ എന്ന് അറിയാൻ സഹായിക്കുന്ന ഒരു ഘടകമാണ് ജിയോ ട്രാക്കുകൾ പരിശോധിച്ച് ഒരു ഫയലുകളിലും ജിയോ ട്രാക്കുകൾ കാണാൻ കഴിഞ്ഞില്ല. ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

19) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

പരിശോധിച്ച് ഫയലുകളിൽ ഒന്നും തന്നെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണാൻ കഴിഞ്ഞില്ല. ഇനിയുള്ള ഫയലുകളിൽ ഇവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

20) സൈറ്റ് ഡയറി

തൊഴിലുറപ്പ് പൊതുസ്ഥലത്ത് ആ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വയ്ക്കുന്ന രേഖയാണ് സൈറ്റ് ഡയറി. കവർപേജ് പൂർണമായിരുന്നു. തൊഴിലാളികളുടെ സാക്ഷ്യപത്രം പൂർണമായിരുന്നു. സന്ദർശക കുറിപ്പ് വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഉണ്ടായിരുന്നു. തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് നൽകുന്ന സൗകര്യങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ്ഡയറി പൂർത്തീകരിച്ച് രേഖപ്പെടുത്തണം.

21) എസ്റ്റിമേറ്റും പ്രവർത്തിയുടെ അളവും.

ചെയ്യുന്ന പ്രവൃത്തിയുടെ എണ്ണം പ്രവർത്തിയുടെ അളവുകൾ പ്രവർത്തിക്കു വേണ്ട തുക പ്രവർത്തിക്കു ചെലവായതുക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ ജനകീയ ഭാഷയിൽ തയ്യാറാക്കാൻ ശ്രമിക്കുക.

## പ്രവർത്തി സ്ഥല പരിശോധന റിപ്പോർട്ട്

സന്ദർശിച്ച പ്രവർത്തി സ്ഥലങ്ങളിൽ

WC/324116ൽ എം ബുക്ക് പ്രകാരം 50 മഴക്കുഴി 3 വേസ്റ്റ് കുഴി 25 ട്രീ plantation എന്നിവയാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ പ്രവൃത്തി സ്ഥല സന്ദർശനത്തിലൂടെ 107 മഴക്കുഴി കളും ഒരു വേസ്റ്റ് കുഴിയും ഒരു ട്രിപ്ലാൻടെൻഷന കുഴിയും കാണാൻ സാധിച്ചു. കൂടാതെ ഭൂ ഉടമസ്ഥൻ നിർദ്ദേശപ്രകാരം വസ്തുവിൽ ചാലുകൾ കോരിയും തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനായി സ്ഥലം ഒരുക്കിക്കൊടുക്കുകയും ചെയ്തു. കൂടാതെ അഞ്ച് തെങ്ങിന് തടം വയ്ക്കുകയും വളരെ ഉയരത്തിൽ കല്ലടി ബണ്ടുകൾ നിർമ്മിച്ചു കൊടുക്കുകയും ചെയ്തതായി കാണാൻ കഴിഞ്ഞു.

WC/334715ൽ എം ബുക്ക് പ്രകാരം 50 മഴക്കുഴി 2 വേസ്റ്റ് കുഴി കൂടി 25 tree plantation എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവർത്തി സ്ഥല സന്ദർശനത്തിലൂടെ 60 മഴക്കുഴികൾ 2 വേസ്റ്റ് കുഴിയും കാണാൻ കഴിഞ്ഞു. ഉടമസ്ഥനെ നിർദ്ദേശപ്രകാരം വസ്തുവിൽ ബണ്ടുകളും കൊല്ലുകയും മരങ്ങൾക്ക് പ്ലാറ്റ്ഫോം ചെയ്തതായി കാണാൻ കഴിഞ്ഞു.

WC/325833ൽ എം ബുക്ക് പ്രകാരം 50 മഴക്കുഴി കളും 1 വേസ്റ്റ് കുഴിയും 25 ട്രീ plantation എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവർത്തി സ്ഥലം സന്ദർശനത്തിലൂടെ 16 മഴക്കുഴികൾ ഉം 10 ട്രീ plantation കുഴികളും കാണാൻ കഴിഞ്ഞു. കൂടാതെ chalu വെട്ടുകയും സ്ഥലം വൃത്തിയാക്കി യതും കാണാൻ കഴിഞ്ഞു .കൂടാതെ മഴക്കുഴികൾ എടുത്ത് രണ്ടു സ്ഥലങ്ങളിൽ ഇപ്പോൾ തൊഴിൽ നടക്കുന്നതിനാൽ മഴക്കുഴികൾ ഒന്നും തന്നെ എണ്ണാൻ കഴിഞ്ഞില്ല. ചില സ്ഥലങ്ങൾ

കാടുപിടിച്ച് അവസ്ഥയിലായിരുന്നു. അതിനാൽ സ്ഥല സന്ദർശനത്തിന് ഒന്നും കാണാൻ കഴിഞ്ഞില്ല.

WC/325273ൽ എം ബുക്ക് പ്രകാരം 45 മഴ കുഴിയും 5 വേസ്റ്റ് കുഴിയും 25 ട്രീ plantation കുഴിയും എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവർത്തിച്ച സന്ദർശനത്തിലൂടെ 15 മഴ പൊഴിയും ഒരു വേസ്റ്റ് കുഴിയും 44 ട്രീ plantation കുഴികളും കാണാൻ കഴിഞ്ഞു. കൂടാതെ വണ്ടുകൾ കാണാൻ സാധിച്ചു പച്ചക്കറി കൃഷിക്ക് വേണ്ടി സ്ഥലം പാകപ്പെടുത്തി വൃത്തിയാക്കിയും കാണാൻ കഴിഞ്ഞു.

WC/324716ൽ എം ബുക്ക് പ്രകാരം 40 മഴക്കുഴിയും ഒരു വേസ്റ്റ് കുഴിയും 25th replantation കോഴി എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവർത്തി സ്ഥലം സന്ദർശനത്തിലൂടെ 25 മഴ കുഴിയും 2 വേസ്റ്റ് കുഴിയും 10 tree plantation കുഴികളും കാണാൻ കഴിഞ്ഞു. കൂടാതെ പ്രവർത്തി സ്ഥലത്ത് ഉടമസ്ഥൻ tree plantation കുഴിയെടുത്ത് വാഴകളും മരങ്ങളും നട്ടതിനാൽ എണ്ണി തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല. കൂടുതൽ പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച് നിലയിലായിരുന്നു. മഴക്കുഴികൾ കാണാൻ കഴിഞ്ഞില്ല. ചില സ്ഥലങ്ങളിൽ മഴക്കുഴി എടുത്ത സ്ഥലത്ത് ഇപ്പോഴും തൊഴിലുറപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

കൂടാതെ ഫീഡ് സന്ദർശനത്തിലൂടെ ഓൺgoing സൈറ്റ് സന്ദർശിച്ചപ്പോൾ 100 പണി തികച്ച തൊഴിലാളികളെ കാണാൻ കഴിഞ്ഞു. അവർക്ക് ആയിരം രൂപ ലഭിച്ചു എന്ന് അറിയാൻ സാധിച്ചു.

നിർദ്ദേശങ്ങൾ

1)മസ്റ്റർ റോൾ പൂരിപ്പിക്കുമ്പോൾ തെറ്റുകൂടാതെ വെട്ടി തിരുത്തലുകൾ ഇല്ലാതെ പൂരിപ്പിക്കാൻ ശ്രദ്ധിക്കണം.

2) എല്ലാ തൊഴിലിനും 3 സ്റ്റേജ് ഫോട്ടോഗ്രാഫ് ഉൾപ്പെടുത്താൻ ശ്രമിക്കണം.

3) മസ്റ്റർ റോൾ എല്ലാ കോളങ്ങളും പൂരിപ്പിക്കാൻ ശ്രദ്ധിക്കണം.

4) എല്ലാ ഫയലുകളും FTO, അലോക്കേഷൻ ഫോം, മാസ്റ്റർ റോൾ മൂവ്മെൻറ് എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

5) തൊഴിലാളികളുടെ അവകാശളായ ടാർപ്പ കട്ടിയുള്ള വിശ്രമം ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവയ്ക്കുള്ള ഫണ്ട് പഞ്ചായത്തിൽ നിന്ന് അനുവദിക്കാൻ ശ്രമിക്കണം.

6) ഏതു പ്രവൃത്തി ഏറ്റെടുക്കുമ്പോൾ മതി ഉദ്ദേശം വസ്തുക്കളുടെ ഉടമസ്ഥനും തൊഴിലാളികളെയും ബോധ്യപ്പെടുത്തണം.

7) ഡിസ്പ്ലേ ബോർഡ് എല്ലാവർക്കും ഉണ്ടായിരിക്കാൻ ശ്രമിക്കണം.

8) മൂന്നുവർഷം നില നിൽക്കുന്ന വിധത്തിൽ മഴക്കുഴികൾ നിർമിക്കുക.

9) മഴ കുഴിയിൽ വാഴനട്ടു ഇരിക്കുന്നതായി കാണാൻ കഴിഞ്ഞു ഇനി ഇത് ആവർത്തിക്കാതിരിക്കുക.

10) മസ്റ്റർറോളിൽ ഒപ്പിടേണ്ടത് കോളങ്ങൾ വലുതാക്കാൻ ശ്രമിക്കുക.

11) സൈറ്റിൽ മീറ്റർ ടേപ്പ് സൂക്ഷിക്കുക.

12) മേറ്റും തൊഴിലാളികളും തൊഴിലുറപ്പ് സമയമായ 9 മുതൽ 5 വരെ സൈറ്റിൽ നിർബന്ധമായും ഉണ്ടാകണം.

13) തൊഴിലിനു വരാത്തവർക്ക് അബ്സെന്റ  രേഖപ്പെടുത്തുക.

14) തൊഴിലുറപ്പ് പ്രോജക്റ്റ് മീറ്റിങ്ങിൽ പങ്കെടുത്ത മതിയായ കാരണങ്ങളില്ലാതെ തൊഴിൽ വരാത്തവരെ അടുത്തത തൊഴിലിന് ഉൾപ്പെടുത്താതെ ഇരിക്കുവാൻ ശ്രദ്ധിക്കുക.

15) തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ ഡിമാൻഡ് ഫോം സമർപ്പിക്കേണ്ടതാണ്.

16) എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന അതേ അളവിൽ കൃത്യമായി പ്രവർത്തിയിൽ കാണാൻ സാധിക്കണം. കൂടാതെ തൊഴിലാളികൾക്ക്  പ്രവർത്തിയെ കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യേണ്ടതാണ്.

17) എ എം സി പ്രകാരമുള്ള 22 രേഖകളും നിലവിൽ ഫയലിൽ അപൂർണവും ക്രമരഹിതവും ആയിരുന്നു അത് പരിഹരിക്കുക.

18) ഉടമസ്ഥരുടെ മഴക്കുഴിയുടെ ആവശ്യകതയും അവ നിലനിർത്തേണ്ടത് അനിവാര്യമാണെന്നും ബോധ്യപ്പെടുത്തേണ്ട താണ്. ഈ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ എവിടെയൊക്കെ തിരുത്തലുകൾ വരുത്താൻ ഉണ്ടോ അത് പരിഹരിച്ച് മികച്ച രീതിയിൽ മുന്നോട്ടു പോകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

……………………………………………….